# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നെന്മണിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി10)1331/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/11/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മണിക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി10)1331/2025 തീയ്യതി: 22/11/2025

# തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2024 മുതൽ 08-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 09-09-2025 | 16-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2025 | 16-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ജോഷി സി. ജെ. (ഓഡിറ്റ് ഓഫീസർ)
ഷർഫുദ്ദീൻ എസ്. എച്ച്. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശിവപ്രസാദ്. എം. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സുനിൽ കുമാർ കെ. സി. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
രമ്യ കെ. കെ. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബൈജു ടി. എസ്. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| അജിത കെ. | സെക്രട്ടറി | 01-04-2024 | 17-09-2024 |
| മാറ്റ്ലി എം. സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-09-2024 | 27-09-2024 |
| അജിത കെ. | സെക്രട്ടറി | 28-09-2024 | 09-12-2024 |
| മാറ്റ്ലി എം. സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-12-2024 | 15-12-2024 |
| അജിത കെ. | സെക്രട്ടറി | 16-12-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മാറ്റ്ലി എം. സി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| രേഷ്മ എം. സി. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. രാഗി പി. ജി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| അജിത്ത് രാജ് ഇ. എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. സോന കെ. ബി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. രഘു സി. ബി. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| സുധ പി. വി. | വി.ഇ.ഒ. (നെന്മണിക്കര സർക്കിൾ) | 01-04-2024 | 31-03-2025 |
| സൗമ്യ ജോർജ്ജ് കെ. | വി.ഇ.ഒ. (തലോർ സർക്കിൾ) | 01-04-2024 | 31-03-2025 |
| ജീനു ലാസർ വി. എൽ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 11-08-2024 |
| ശാലിനി വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-08-2024 | 31-03-2025 |
| അനൂപ് സോമൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ജിബിന എം. എം. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| വിൻസെൻ സി. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 18-04-2024 |

| | | | |
|---|---|---|---|
| സരിത കെ. എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 19-04-2024 | 19-05-2024 |
| വിൻസെൻ സി. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 20-05-2024 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | മൂലധന ചെലവുകൾക്ക് തത്തുല്യമായ തുക’Capital Contribution’ എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല | 1-1-1 |
| 3 | മുൻകൂർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-1-2 |
| 4 | Prior Period Income, Prior Period Expenses-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-1-4 |
| 6 | കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവ് തുക സുലേഖ സ്റ്റേമെന്റ് പ്രകാരം യഥാർത്ഥത്തിലുള്ള തുകയെക്കാൾ അധികം രേഖപ്പെടുത്തി | 1-1-5 |
| 7 | വസ്തുനികുതി ഇനത്തിൽ കുടിശ്ശിക-പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-7 |
| 9 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-9 |
| 11 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഫണ്ട് വിനിയോഗം | 1-3 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | ക്ഷേമ പദ്ധതികൾ | 1-6 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 20 | അഭ്യന്തരനിയന്ത്രണം | 1-8 |
| 21 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ | 1-9 |
| 22 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ | 1-10 |
| 23 | വിനോദ നികുതി-വരവിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല | 1-11 |
| 24 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 25 | കെട്ടിടം അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-13 |
| 26 | നിലവിലുള്ള കെട്ടിടഭാഗം ക്രമവത്ക്കരിക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 1-14 |

| | | |
|---|---|---|
| 27 | വസ്തുനികുതി പരിഷ്കരണം- തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-15 |
| 28 | ലൈഫ് ഭവന പദ്ധതി -ജനറൽ- വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-16 |
| 29 | വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല | 1-17 |
| 30 | ലൈഫ് എസ്.സി വിഭാഗം ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 31 | ബയോകമ്പോസ്റ്റർ ബിൻ നൽകൽ - തുടർ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ്. | 1-19 |
| 32 | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-20 |
| 33 | കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് തുക കൈമാറിയത് നാളിതുവരെയും ചെലവഴിച്ചിട്ടില്ല | 1-21 |
| 34 | അങ്കണവാടികളിൽ കുടിവെള്ള കിണർ (ബോർവെൽ)- ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതാണ് | 1-22 |
| 35 | 7-ാം വാർഡ് 60-ാം നമ്പർ അങ്കണവാടിയിൽ സോളാർ പാനൽ സ്ഥാപിക്കൽ- ബാക്കി തുക തിരികെ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 36 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-24 |
| 37 | അനുപൂരക പോഷകാഹാര പരിപാടി- ലഭിച്ച കേന്ദ്രവിഹിതം പൂർണമായി ചെലവഴിച്ചില്ല | 1-25 |
| 38 | അഡ്വക്കേറ്റ് ഫീസ്- ആദായ നികുതി - ടി ഡി എസ് നടത്തുന്നില്ല | 1-26 |
| 39 | യാത്രാബത്ത മുൻകൂർ - ക്രമീകരിച്ചില്ല | 1-27 |
| 40 | മണ്ണ് കുഴിച്ചെടുക്കുന്നതിന്  അധിക നിരക്ക് - 8166 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 1-28 |
| 41 | പ്രവൃത്തി പൂർത്തീകരണകാലാവധി ദീർഘിപ്പിക്കൽ- നിർദ്ദേശിച്ച പിഴ ഈടാക്കിയില്ല | 1-29 |
| 42 | ജൽജീവൻ മിഷൻ നടത്തിപ്പ്- അവലോകനം | 1-30 |
| 43 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മണ്ണ് കുഴിച്ചെടുക്കുന്നതിന്  അധിക നിരക്ക് - 8166 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രിമീയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.06.2025 തീയതിയിലെ 2/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.07.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**
**തീയതി :22.11.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 മൂലധന ചെലവുകൾക്ക് തത്തുല്യമായ തുക'Capital Contribution' എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല.

CFC Tied, CFC Untied, എന്നീ ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവൃത്തികൾക്ക് തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ

വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ (കൈ) 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | ജേർണൽ റിപ്പോർട്ട് പ്രകാരം ഗ്രാന്റ് തുക ഉപയോഗിച്ച് ചെയ്ത മൂലധന പ്രവർത്തികളുടെ ചെലവ് | | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|---|
| | | വൗച്ചർ നമ്പർ/തീയതി | തുക | |
| 1 | CFC-Untied | 42401056/19.03.2025 | 2,39,166 | 415110001- Roads- New Roads |
| 2 | CFC-Tied | 4240945/21.02.2025 | 3,72,940 | 414120002- Public Drinking Water Programmes- New Open Well |

2025-26 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച വ്യത്യാസമുള്ള മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകയ്ക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution….” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

### 1-1-2 മുൻകൂർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു

2024-25 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം ഹോമിയോ മരുന്നുകൾ വാങ്ങുന്നതിന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ നമ്പരും പേരും | തുക (ഫണ്ടിനം) | വൗച്ചർനം./ തീയതി | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്നിന്റെ വില | ഫണ്ട് | ചെലവ് ബുക്ക് ചെയ്ത ശീർഷകം) |
|---|---|---|---|---|---|---|
| 99/25- ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 2,00,000 | **42401431** /18-12-2024 | 1,14,129 | 85,871 | Maintenance Fund - Non-Road | 251110208 – Medical Institution- Homoeo- Purchase Of Medcines In Health Institutions |

ലഭിക്കാൻ ബാക്കി നിൽക്കുന്ന മരുന്നിന്റെ വില ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്.

### 1-1-3 Prior Period Income, Prior Period Expenses-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് (ഐ 18, ഐ 19) എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും

അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18, I-19) | 31/3/2025ലെ ലെഡ്ജർ ബാക്കി |
|---|---|
| 190200401 – Prior Period Income- Other Income | 45483 |
| 290800601 – Prior Period Expenses – Revenue Grants And Contributions | -6140 |

## 1-1-4 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2024-25 വർഷത്തെ Income And Expenditure പത്രിക പ്രകാരം 79,47,765 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രീസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-5 കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവ് തുക സുലേഖ സ്റ്റേമെന്റ് പ്രകാരം യഥാർത്ഥത്തിലുള്ള തുകയെക്കാൾ അധികം രേഖപ്പെടുത്തി

| | ചെലവ് തുക |
|---|---|
| സുലേഖ സ്റ്റേറ്റമെന്റ് പ്രകാരം (പ്രോജക്ട് നം.234/25, എം.സി.എഫ് കെട്ടിട നിർമ്മാണം ) | 30,88,229 |
| വാർഷിക ധനകാര്യപത്രിക പ്രകാരം (ഷെഡ്യൂൾ ഐ-6, സ്വച്ഛഭാരത് അഭിയാൻ) | 17,52,166 |
| വ്യത്യാസം | 13,36,063 |

## 1-1-6 വസ്തുനികുതി ഇനത്തിൽ കുടിശ്ശിക-പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക (8,39,532രൂപ) ഉണ്ട് . എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 84,84,533 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 53,54,499 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-8 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ– പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ.

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ.

## 1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-10 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/ തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| **110100101- Property Tax On Residential Buildings** | 42401663/31.03.25 | 29,43,308 |
| | | |

| | | |
|---|---|---|
| **110100102- Property Tax On Non-Residential Buildings** | 42401664/31.03.25 | 48,43,917 |
| **110200101- Profession Tax - Institutions** | 42401685/31.03.25 | 72,400 |
| **110200105- Profession Tax - Traders** | 42401686/31.03.25 | 6,19,700 |

## 1-1-11 വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തൻവർഷം**

റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 29,32,287 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 29,32,206<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 46,99,166 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 46,99,133<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

**കുടിശ്ശിക**

റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 7752 |
| | |

| | |
|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *4893<br>*(2023-24ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (5138+0=5138x100/105) |

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 8,38,836 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *798891<br>*(2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (136076+702760= 8,38,836x100/105) |

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 07/02/2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 301632955 | 286731861 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 12/03/2025 | |
| കമ്മിറ്റി തീരുമാനം | 2/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 302277955 | 287036861 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | *ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,37,08,000 | 1,37,08,000 | 1,37,08,000 | *0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 50,42,000 | 50,42,000 | 49,67,000 | *75,000 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 1,32,80,000 | 1,32,80,000 | 97,40,349 | *35,39,651 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | | 37,69,000 | 37,69,000 | 37,69,000 | 0 |

| | | | | | |
|---|---|---|---|---|---|
| *ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ബാങ്ക് | 9,99,840 | 24,10,648 | 34,10,488 | 25,92,895 | 8,17,593 |
| *ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ട്രഷറി | 0 | 9555 | 9555 | 9555 | 0 |
| *ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)ബാങ്ക് | 6,60,464 | 50,58,000 | 57,18,464 | 33,24,008 | 23,94,456 |
| *ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി | 0 | 1,19,867 | 1,19,867 | 1,19,867 | 0 |
| ICDS | 1029250 | 1202503 | 2231753 | 431796 | 1799957 |
| Other Schemes | 3,50,000 | 0 | 3,50,000 | 0 | 3,50,000 |
| PYKA | 1,52,043 | 0 | 1,52,043 | 0 | 1,52,043 |
| Rural Housing- Housing For All | 0 | 29,50,000 | 29,50,000 | 14,00,000 | 15,50,000 |
| TSC | 9,10,682 | 0 | 9,10,682 | 25,000 | 8,85,682 |
| വിമുക്തി | 7,610 | 0 | 7,610 | 7,610 | 0 |
| സാക്ഷരത | 91,498 | 2,490 | 93988 | 0 | 93988 |
| Grant From Suchitwa Mission | 5,000 | 1,11,513 | 1,16,513 | 1,16,513 | 0 |
| കേരളോത്സവം | 5,810 | 0 | 5,810 | 0 | 5,810 |
| Health Grant- Diagnostic Infrastructure To The PHCs | 2,58,542 | 3,58,012 | 616554 | 2,42,552 | 3,74,002 |
| Health Grant- Coversion Of PHCs And Subcentres To Health Adn Wellness Centres | 2,69,509 | 5,74,890 | 844399 | 1,96,279 | 6,48,120 |
| Other Liabilties | 3750 | 0 | 3750 | 0 | 3750 |
| Grants, Funds And Contributions For Specific Purpuses- Other Purposes | 16,95,372 | 0 | 16,95,372 | 577 | 16,94,795 |
| ലൈഫ് ഭവന പദ്ധതി | 7,56,140 | 0 | 7,56,140 | 7,56,140 | 0 |
| Contributions For Joint Venture- District Panchayats | 0 | 4,63,406 | 4,63,406 | 4,63,406 | 0 |
| Contributions For Other Specific Purposes- Block Panchayats | 12,000 | 0 | 12,000 | 0 | 12,000 |
| Beneficiary Contributions | 21,52,339 | 9,25,592 | 3077931 | 963102 | 21,14,829 |

കുറിപ്പ്:-

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ എന്ന വിഭാഗത്തിൽ ലഭിച്ച വരവിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) ചെലവഴിക്കാതെ കിടക്കുന്ന ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ ചെലവഴിക്കാത്തപക്ഷം സ്രോതസ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീക-രിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കി-യത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുക-ളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 277 | 113173841 | 202 | 55281648 | 48.84 % | 72.9 % |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,477 | 6,57,313 | 6,60,790 | 6,60,790 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 69,98,888 | 69,98,888 | 69,98,888 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 16,14,329 | 16,14,329 | 16,14,329 | 0 |
| ആകെ | 3,477 | 92,70,530 | 92,74,007 | 92,74,007 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 30,03,200 | 182 |
| വിധവാപെൻഷൻ | 1,52,39,000 | 1265 |
| വാർദ്ധക്യകാലപെൻഷൻ | 2,92,08,800 | 2052 |
| വികലാംഗപെൻഷൻ | 43,11,000 | 299 |
| 50വയസ്സിന് മേല് പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14,94,600 | 95 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2025 തീയതിയിൽ 3:00 PM ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76,990 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 അഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

**(I) കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2024-25 സാമ്പത്തികവർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | ഷാജു കെ.വി |
| 2 | രമേഷ് എൻ.വി |
| 3 | പ്രവീൺ കെ.ബി. |
| 4 | റാഫേൽ കെ.ൽ |
| 5 | ഷർജാസ് എ. |
| 6 | തോമസ് കെ.എ. |
| 7 | ലോനക്കുട്ടി കെ.പി. |
| 8 | സുജിത്ത് സുരേന്ദ്രൻ |
| 9 | സാംസൺ ഷാജു |

**(II) പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ.(സാധാ.)നമ്പർ 1149/2024/തസ്വഭവ നമ്പർ ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയപ്പോൾ പുതിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം/ ജീവനക്കാരന്റെ പേരു വിവരങ്ങൾ | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് | രസീത് നം./ തീയതി |
|---|---|---|---|---|---|---|
| A | **സുപ്രീം സെറാമിക്സ് ,** | | | | | 1241401273/ 21.02.2025 |

| | | | | | | |
|---|---|---|---|---|---|---|
| | **ചിറ്റിശ്ശേരി** | | | | | |
| 1 | പ്രേമ കെ.എൻ. | 39000 | 300 | 600 | 300 | |
| 2 | ദീപ്തി കെ.എസ്. | 36000 | 300 | 600 | 300 | |
| 3 | ഷീബ ഹരി | 36000 | 300 | 600 | 300 | |
| 4 | സുധാകരൻ എൻ.യു. | 36000 | 300 | 600 | 300 | |
| B | **നാഗത്ത് ആയുർവേദ ഹോസ്പിറ്റൽ, തലവനിക്കര** | | | | | 1241400777/ 21.01.2025 |
| 1 | അക്ഷയ് കൃഷ്ണൻകുട്ടി | 58000 | 450 | 750 | 300 | |
| 2 | ഗ്രീഷ്മ ഉണ്ണികൃഷ്ണൻ | 58000 | 450 | 750 | 300 | |
| 3 | വീണ മുരളി | 58000 | 450 | 750 | 300 | |
| 4 | വിപിൻദാസ് എം.സി. | 58000 | 450 | 750 | 300 | |
| 5 | രജിത സീതാപതി | 58000 | 450 | 750 | 300 | |
| 6 | സുശീല ബാലൻ | 58000 | 450 | 750 | 300 | |
| 7 | സാന്ദ്ര സജി | 58000 | 450 | 750 | 300 | |
| C | **സതേൺ ഇൻഡ്യ പോളി പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, തലോർ** | | | | | 1241402691/ 25.03.2025 |
| 1 | വിമല ദേവി എം. | 61280 | 600 | 750 | 150 | |
| 2 | ജയപ്രകാശ് ലാൽ | 54762 | 450 | 750 | 300 | |
| 3 | സലീഷ് കുമാർ | 55346 | 450 | 750 | 300 | |
| 4 | ജിയ ആന്റണി | 49777 | 450 | 750 | 300 | |
| 5 | രാജുകുമാർ | 59875 | 450 | 750 | 300 | |
| 6 | രാകേഷ് ലാൽ | 58785 | 450 | 750 | 300 | |
| | ആകെ | | | | 4,950 | |

**(III)** 2024- 25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച/പുതുക്കിയ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി മുൻകൂറായി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഒന്നാം അർദ്ധവർഷത്തിൽ 300, 450, 600 എന്നീ നിരക്കുകളിൽ തൊഴിൽ നികുതി ഈടാക്കിയിരുന്ന സ്ഥാപന ഉടമകളിൽ നിന്നും രണ്ടാം അർദ്ധവർഷത്തിലും അതേ നിരക്കിൽ

തന്നെയാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ക്രമ നമ്പർ (II) പരാമർശിച്ച ഉത്തരവ് പ്രകാരം രണ്ടാം അർദ്ധ വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പരിഷ്കരണത്തിന്റെ ഭാഗമായുള്ള വർദ്ധിച്ച നിരക്കിലുള്ള നികുതി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നികുതിയോ, ചട്ടം 5, 6 അനുസരിച്ച് ടേൺ ഓവറിനെ അടിസ്ഥാനപ്പെടുത്തിയുള്ള നികുതിയോ ഈടാക്കാമെന്നുണ്ടെങ്കിലും തൊഴിൽ നികുതി സ്ലാബ് നിശ്ചയിക്കുന്നതിനുള്ള വരുമാനം സംബന്ധിച്ച് രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/12.09.2025) മറുപടിയായി ക്രമ നമ്പർ (I), ക്രമ നമ്പർ (II) എന്നീ പരാമർശങ്ങൾ പ്രകാരമുള്ള കരാറുകാരുടെ തൊഴിൽ നികുതിയും, സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പരിഷ്കരിച്ച നിരക്കിലുള്ള തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പ്രകാരം തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ക്രമ നമ്പർ (III) പ്രകാരം സ്ഥാപന ഉടമകളിൽ നിന്നും വരുമാനം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കി തൊഴിൽ നികുതി പരിഷ്കരണം നടപ്പിലാക്കി നികുതി വരുമാനം ഉറപ്പു വരുത്തേണ്ടതാണ്. 1994 ലെ പഞ്ചായത്ത് രാജ് നിയമം, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## <u>1-10 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല.
1. ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ പതിച്ച സ്ഥാപനങ്ങളുടെ ഡാറ്റബേസ്, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം ഏതാനും സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | തലോർ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് , തലോർ | 1/269/R, 1/269/S |
| 2 | ഗൃഹലക്ഷ്മി ട്രേഡേഴ്സ് , തലോർ | 1 |
| 3 | വി.ജെ. ഗോൾഡ് കവറിങ്, തലോർ | 2 |
| 4 | അശ്വതി ഫർണിച്ചേഴ്സ് , പാലിയേക്കര | 3 |
| 5 | ലെമൺ ബേക്കേഴ്സ്, പുലക്കാട്ടുക്കര | 4 |
| 6 | കൃഷ്ണ ഇലക്ട്രോണിക്സ്, നെൻമണിക്കര | 5 |
| 7 | കല്ലൂർ ചിട്ട്സ്, നെൻമണിക്കര | 5 |
| 8 | ലത ആയുർവേദ ഫർമസി, പാഴായി | 6 |
| 9 | ആര്യ ഇൻഡസ്ട്രീസ്, പാഴായി | 6 |
| 10 | രാമകൃഷ്ണ സെറാമിക്സ്, പാഴായി | 9 |
| 11 | പാറമേൽ പ്രിന്റേഴ്സ്, മടവാക്കര | 10 |
| 12 | പാഴായി – ചെറുവാൾ ക്ഷീരസംഘം | |

2. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
മേൽ അപാകത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/12.09.2025) മറുപടിയായി മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീയും, തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 വിനോദ നികുതി-വരവിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല

സ.ഉ.(കൈ) നം.112/2019/ത.സ്വ.ഭ.വ. തീയതി 31.08.2019 പ്രകാരം വിനോദനികുതി ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും നികുതി നിരക്ക് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 100 രൂപയും അതിൽ കുറവുമുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെയാണ് നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നത് വരെ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി നികുതി അടവാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നം.101/2020/ത.സ്വ.ഭ.വ.തീ.04.01.2020, പ്രകാരം തീയറ്ററുകളിൽ ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം സർക്കാരിന്റെ ഇ-ടിക്കറ്റിംഗ് സോഫ്റ്റ് വെയറിലൂടെ വിൽപ്പന നടത്തുന്ന ടിക്കറ്റുകളുടെ ഡെയിലി കളക്ഷൻ റിപ്പോർട്ട് (ഡി.സി.ആർ) ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാറേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നെൻമണിക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചാന്ദ് വി. ശ്രീരാമ, ആമ്പല്ലൂർ എന്ന തീയേറ്ററിൽ നിന്നും 2024-25 വർഷം പഞ്ചായത്തിന് വിനോദനികുതിയിനത്തിൽ 5,93,762 രൂപയുടെ വരവുണ്ട്. ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ വിനോദനികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ് എന്നിരിക്കെ മാസാന്ത്യ ജി.എസ്.ടി. സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിലവിൽ തീയറ്ററിൽ നിന്നും തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിനോദനികുതി അടവാക്കി വരികയാണ് ചെയ്യുന്നത്. തിയേറ്ററിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ ആധികാരികത ഉറപ്പ് വരുത്തന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. വിൽപ്പന നടത്തുന്ന ടിക്കറ്റുകളുടെ ഡെയിലി കളക്ഷൻ റിപ്പോർട്ട് (ഡി.സി.ആർ), മാസാന്ത്യ ജി.എസ്.ടി. സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള വിവരങ്ങളുടെ അഭാവത്തിൽ ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
മേൽ അപാകത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/12.09.2025 ) മറുപടിയായി മാസാന്ത്യ ജി.എസ്.ടി. റിട്ടേൺ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡെയിലി കളക്ഷൻ റിപ്പോർട്ട് (ഡി.സി.ആർ), മാസാന്ത്യ ജി.എസ്.ടി. റിട്ടേൺ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള വിവരങ്ങൾ എന്നിവ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ വിനോദനികുതി പിരിച്ചെടുത്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-12 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള, വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207(1) (ബിഎ)) 2023ലെ 18ആം ഭേദഗതി ആക്റ്റിലൂടെ (28.03.2023 ലെ നമ്പർ 15(2)/ലെജി.എ2/2023/നിയമം) 01.04.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്.

എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നാളിതുവരെയായിട്ടും താഴെ പട്ടികപ്പെടുത്തിയ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല.

| വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം |
|---|---|
| 1/409 | ജീസസ് അക്കാദമി സി.ബി.എസ്.ഇ. സ്കൂൾ, തലോർ |

മേൽ അപാകത്തിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/12.09.2025) മറുപടിയായി മേൽ സ്ഥാപനത്തിന്റെ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ നിലവിലെ വിസ്തീർണ്ണത്തിന് അനുസൃതമായി വസ്തുനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-13 കെട്ടിടം അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കിയിട്ടില്ല

5841/2024 നമ്പർ ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധിച്ചതിൻ പ്രകാരം ശ്രീ ജോസ് മുതൽ പേർ (സെന്റ് തെരേസാസ് ടൈൽ വർക്സ്), ഇടുത്തൻ ഹൌസ്, തലോർ എന്നവരുടെ ഉടമസ്ഥതയിലുള്ള 628/1-48, 628/1-93, 664 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 9105 ച.മീ. സ്ഥലത്ത് 506.54 ച.മീ. വിസ്തീർണ്ണമുള്ള വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടം നിർമ്മാണം പൂർത്തികരിച്ച് ക്രമവത്കരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം ക്രമവത്ക്കരണത്തിനായി അപേക്ഷിച്ച കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019 പ്രകാരം അപാകങ്ങളുണ്ടെന്നും ടി ന്യൂനതകൾ പരിഹരിക്കാതെ ക്രമവൽക്കരിക്കാൻ സാധിക്കുകയില്ലെന്നും സെക്രട്ടറി 15.01.2025 തീയതിയിലെ കത്ത് മുഖേന അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. നാളിതുവരെ അപേക്ഷകൻ ക്രമവത്ക്കരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1) ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.

മേൽ അപാകത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/15.09.2025) മറുപടിയായി കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ 7 ദിവസത്തിനകം പരിഹരിച്ച് ഫയൽ പുനർസമർപ്പിക്കുന്നതിന് 16.09.2025 ന് അപേക്ഷകന് കത്ത് നൽകിയിട്ടുണ്ടെന്നും ക്രമവൽക്കരിക്കാത്തപക്ഷം കെട്ടിടത്തെ അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ 506.54 ച.മീ. വിസ്തീർണ്ണമുള്ള വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ കെട്ടിടത്തെ അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(3) പ്രകാരമുള്ള നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 നിലവിലുള്ള കെട്ടിടഭാഗം ക്രമവത്ക്കരിക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

ഫയൽ നമ്പർ 3631/24 പരിശോധിച്ചതിൻ പ്രകാരം സന്ധ്യ എം കർത്ത, കുന്നത്തേരി തെക്കേമഠത്തിൽ ഹൌസ്, പാലിയേക്കര, ചിറ്റിശ്ശേരി എന്നവരുടെ ഉടമസ്ഥതയിലുള്ള 338/1, 361/1, 360/PT1 സർവ്വേ നമ്പറുകളിൽ (നെൻമണിക്കര വില്ലേജ്) ഉൾപ്പെട്ട 6111 ച.മീ. പ്ലോട്ടിൽ 248.97ച.മീ. പാർപ്പിടാവശ്യത്തിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഒക്യുപൻസി സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിരുന്നു. പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടം പ്ലോട്ടിൽ നിലവിലുണ്ട്. ഒക്യുപൻസി സർട്ടിഫിക്കറ്റിനായി ഹാജരാക്കിയിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 3/398 നമ്പർ കെട്ടിടം 250.14 ച.മീ.(Existing Wood Shed 32.25 + Existing G.F 171.09 + Existing F.F. 46.80)വിസ്തീർണ്ണമുള്ളതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 3/398 എന്ന കെട്ടിടത്തിന് 115 ച.മീ.

വിസ്തീർണ്ണമെന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിൽ 135.14 ച.മീ. അനധികൃതമായി കൂട്ടിച്ചേർക്കൽ നടത്തിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടഭാഗം ക്രമവത്ക്കരിക്കുകയോ വസ്തു നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 3(1)(D) പ്രകാരം സൈറ്റും അതിൽ നിലവിലുള്ള കെട്ടിടങ്ങളും നിയമാനുസൃതമാണെങ്കിൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളിൽ കൂടിച്ചേർക്കലോ, പരിവർത്തനമോ നടത്തുന്നതിനും പെർമിറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളു. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവത്ക്കരിച്ച് നിയമാനുസൃതമാക്കാതെയാണ് പുതിയ കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയും ആയതുപ്രകാരം നിർമ്മാണം പൂർത്തികരിച്ച കെട്ടിടത്തിന് 3/398 C എന്ന നമ്പർ നൽകുകയും ചെയ്തിട്ടുള്ളത്.

പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകൾ ക്രമവത്ക്കരിക്കാതെ പുതിയ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/15.09.2025) മറുപടിയായി പ്രസ്തുത കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഉടമക്ക് കത്ത് നൽകുിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 3/398 എന്ന കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം അടിയന്തിരമായി ക്രമവത്ക്കരിക്കേണ്ടതും, വസ്തുനികുതി പുനർനിർണ്ണയിച്ച് ആയത് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-15 വസ്തുനികുതി പരിഷ്കരണം- തുടർനടപടികൾ അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരണം നടത്തുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ സ.ഉ (കൈ) നം. 77/2023/ത.സ്വ.ഭ.വ. തീയതി 22.03.2023 പ്രകാരം മാർഗ്ഗനിർദേശങ്ങൾ നൽകിയിരുന്നു. വസ്തുനികുതി പരിഷ്കരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ, ഉപയോഗക്രമത്തിലോ, ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ, അല്ലെങ്കിൽ സ്വയം സംഭവിക്കുന്ന ഏതൊരു മാറ്റവും പരിശോധിക്കുന്നതിനും അത്തരം കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാന് സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പരിന് പരമാവധി 30 രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും മേൽ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം നെൻമണിക്കര ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണം കാര്യക്ഷമമാക്കുന്നതിനായി കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം. (13/12.09.2025)) മറുപടിയായി മേൽ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നെൻമണിക്കര ഗ്രാമപഞ്ചായത്തിൽ 2023-24 വർഷത്തെ പ്രൊജക്ട് നമ്പർ 143 പ്രകാരം ആസ്തി രജിസ്റ്റർ ഡിജിറ്റൈസേഷൻ ചെയ്യലും പുതുക്കലും എന്ന പദ്ധതി രൂപികരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതാണെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും വസ്തുനികുതി പരിഷ്കരണ മാർഗ്ഗനിർദേശങ്ങൾ സമ്പൂർണ്ണ അടിസ്ഥാനത്തിൽ നടപ്പിലാക്കി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ലൈഫ് ഭവന പദ്ധതി -ജനറൽ- വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വി.ഇ.ഒ (നെന്മണിക്കര സർക്കിൾ) നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (ജനറൽ) (പ്രൊജക്ട് നമ്പർ- 40/25) എന്ന പ്രൊജക്ടിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പദ്ധതി പ്രകാരം നൽകേണ്ട തുക | നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി |
|---|---|---|---|
| മല്ലിക സുഗുണൻ<br>മേക്കാടൻ ഹൌസ്<br>നെന്മണിക്കര | 4,00,000 | 3,60,000 | 26.05.2025 |
| ഷിജു കെ.കെ<br>കിഴക്കൂടൻ ഹൌസ്<br>പാഴായി പി.ഒ | 4,00,000 | 3,40,000 | 26.03.2025 |
| രമണി ഉണ്ണികൃഷ്ണൻ<br>തലവണിക്കര<br>തലോർ പി.ഒ | 4,00,000 | 3,60,000 | 02.07.2025 |
| ഭാഗ്യ വി.എൻ<br>വടക്കൂട്ട് ഹൗസ്<br>ചിറ്റിശ്ശേരി പി.ഒ | 4,00,000 | 3,60,000 | 26.05.2025 |
| അഞ്ജു.ജി<br>ചെറുവാൾ<br>പാഴായി പി.ഒ | 4,00,000 | 3,60,000 | 26.05.2025 |
| ഓമന ടി.എ<br>മഞ്ഞളി ഹൌസ്<br>എറവക്കാട് | 4,00,000 | 2,60,000 | 27.06.2025 |
| പ്രേമഗോപി<br>വള്ളുക്കാടൻ ഹൌസ്<br>പാഴായി പി.ഒ | 4,00,000 | 3,60,000 | 26.05.2025 |
| ശ്യാമള സി.കെ<br>ചിറക്കൽ ഹൌസ്<br>മടവിക്കര | 4,00,000 | 2,00,000 | 21.08.2025 |
| മണിരവി<br>ചക്കുംതറ ഹൌസ് | 4,00,000 | 3,60,000 | 26.05.2025 |

| | | | |
|---|---|---|---|
| ചിറ്റിശ്ശേരി പി.ഒ | | | |
| ശ്രീജിത്ത് കെ.എസ് കോപ്പാടൻ ഹൌസ് പാഴായി പി.ഒ | 4,00,000 | 3,40,000 | 26.03.2025 |
| സ്മിഷ സജീവൻ വാത്തിയിൽ ഹൌസ് പാഴായി പി.ഒ | 4,00,000 | 2,60,000 | 02.07.2025 |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/15.09.2025) മറുപടിയായി മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് തുടർന്നുള്ള ധനസഹായം നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല.

2024-25 വർഷത്തിൽ വി.ഇ.ഒ (നെന്മണിക്കര സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പേരും | പേരും മേൽ വിലാസവും | വൗച്ചർ നം. / തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | 94/25 – വീട് വാസയോഗ്യമാക്കൽ -പട്ടികജാതി വികസനഫണ്ട് (എസ്.സി.പി) (അടങ്കൽ - 7,50,000 ചെലവ് - 7,50,000) നൽകേണ്ട തുക-75000 | കൊച്ചുമോൻ പി.ആർ പുല്ലോക്കാരൻ ഹൌസ് മടവാക്കര ചിറ്റിശ്ശേരി പി.ഒ | 42401450/ 21.12.2024 | 35,000 |
| 2 | ടി | നിഷാദ് പി.എ പുളിക്കൽ ഹൌസ് നെന്മണിക്കര പുതുക്കാട് പി.ഒ | 42401549/ 12.03.2025 | 35,000 |
| 3 | ടി | ബേബി മോഹനൻ വാരിയത്ത് ഹൌസ് പാഴായി പി.ഒ | 42401590/ 21.03.2025 | 35,000 |

| | | | | |
|---|---|---|---|---|
| 4 | ടി | ബിന്ദു സുകു<br>വാരിയത്ത് ഹൌസ്<br>പുതുക്കാട് പി.ഒ | 42401590/<br>21.03.2025 | 35,000 |
| 5 | ടി | സുനിത<br>കോലോത്തുപറമ്പിൽ<br>ഹൌസ്<br>പാഴായി പി.ഒ | 42401590/<br>21.03.2025 | 35,000 |

മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (22/15.09.25) എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ലൈഫ് എസ്.സി വിഭാഗം ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ (തലോർ സർക്കിൾ) നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ്.സി) (പ്രൊജക്റ്റ് നമ്പർ- 28/25) എന്ന പ്രൊജക്റ്റിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പദ്ധതി പ്രകാരം നൽകേണ്ട തുക | നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി |
|---|---|---|---|
| വേലായുധൻ കെ.കെ<br>കളത്തിങ്കൽ വീട്<br>മാവാക്കര | 4,00,000 | 2,00,000 | 29.06.2024 |
| ഹരിത പി.ആർ<br>മലയാറ്റിൽ ഹൌസ്<br>പാലിയേക്കര | 4,00,000 | 3,00,000 | 21.05.2025 |
| രമ അപ്പുക്കുട്ടൻ<br>ഓമ്പുള്ളി വീട്<br>പുലക്കാട്ടുക്കര | 4,00,000 | 3,00,000 | 21.08.2024 |
| സുധ ടി.ആർ<br>തെക്കൂട്ട്<br>ചെറുവാൾ | 4,00,000 | 3,00,000 | 22.12.2024 |
| അമ്മിണി മോഹൻ<br>പുലക്കാട്ടുക്കര<br>ചിറ്റിലശ്ശേരി പി.ഒ | 4,00,000 | 3,50,000 | 21.07.2025 |

| | | | |
|---|---|---|---|
| വത്സല ഗോപാലകൃഷ്ണൻ പെരിഞ്ചേരി ചിറ്റിലശ്ശേരി പി.ഒ | 4,00,000 | 3,25,000 | 09.06.2025 |
| സുഭാഷ് കെ.എം അപ്പാട്ടിൽ ഹൌസ് ചിറ്റിശ്ശേരി | 4,00,000 | 2,00,000 | 21.05.2025 |
| സുധാകരൻ കെ.എം കാങ്കിൽ ഹൌസ് തലോർ | 4,00,000 | 2,00,000 | 21.05.2025 |
| അംബിക വിജയൻ കുന്നത്ത് ഹൌസ് തലോർ | 4,00,000 | 3,00,000 | 07.12.2024 |
| രനിത രാജൻ ഇളങ്ങല്ലൂർ ഹൌസ് | 4,00,000 | 2,00,000 | 13.11.2023 |
| പുഷ്പ വാസുദേവൻ അഞ്ചേരി വീട് ചിറ്റിശ്ശേരി | 4,00,000 | 40,000 | 04.07.2023 |
| കല എൻ.എം ചാക്കേരി ഹൌസ് തലോർ | 4,00,000 | 3,50,000 | 07.03.2024 |
| ദിൽകുമാർ എൻ.ടി നന്തിപുലം ഹൌസ് പാഴായി | 4,00,000 | 3,00,000 | 23.05.2023 |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/15.09.2025) മറുപടിയായി മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് അടുത്ത ഗഡുക്കൾ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ബയോകമ്പോസ്റ്റർ ബിൻ നൽകൽ - തുടർ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ്.

ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനതു ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ ഉൾപ്പെടുത്തി ഗാർഹിക ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് വീടുകളിൽ ബയോബിൻ വിതരണം ചെയ്യുന്നതിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പരും പേരും | 277/25 – ഗാർഹികാവശ്യത്തിന് ബയോകമ്പോസ്റ്റർ ബിൻ നൽകൽ - |
| അടങ്കൽ | 3,40,140 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 3,30,140, തനത് ഫണ്ട്-10,000) |
| ചെലവ് | 3,24,650<br>( വൗ.നം-42401161/29-03-2025) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. തലോർ സർക്കിൾ |

04.01.2024ലെ സ.ഉ.(സാ)നം.34/2024/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ബയോബിൻ വാങ്ങുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ 70% തുകയും ജിയോടാഗ്ഗിംഗ്, ആറുമാസത്തെ പ്രവർത്തനം മോണിറ്ററിംഗ്, ഗുണഭോക്താക്കൾക്ക് പരിശീലനം എന്നിവ ഹരിതകർമ്മ സേനയേയോ, കുടുംബശ്രീയേയോ, ഹരിതകർമ്മ സഹായ സ്ഥാപനത്തേയോ തദ്ദേശ സ്ഥാപനത്തിന്റെ അനുമതിയോടെ ഏൽപ്പിക്കാവുന്നതും ഇതിനായി 30% തുകയും ചെലവഴിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രൊജക്ടിന് ഇ-ടെണ്ടർ വിളിക്കുകയും കുറഞ്ഞ നിരക്ക് (1510) ക്വാട്ട് ചെയ്ത OLLOS BIOTECH PVT LTD എന്ന സ്ഥാപനത്തിൽ നിന്നും 215 ബയോകമ്പോസ്റ്റർ ബിൻ വാങ്ങുകയും ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നമ്പർ-2425OLB180/24.03.25). ഇതിന്റെ വിലയായ 3,24,650 രൂപ പ്രസ്തുത സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. 215 ഗുണഭോക്താക്കളിൽ നിന്നും 220 രൂപ (10%) ഗുണഭോക്തൃവിഹിതം ഈടാക്കിയത് തുടർവർഷ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ട്. ജിയോടാഗ്ഗിംഗ്, മോണിറ്ററിംഗ് അനുബന്ധ പ്രവർത്തനങ്ങൾക്ക് ടി സ്ഥാപനവുമായി 21.03.2025ന് കരാറിലേർപ്പെടുകയും ചെയ്തു. ബയോബിൻ വിതരണം ചെയ്ത മുഴുവൻ വീടുകളിലും ജിയോടാഗിംഗ് നടത്തി ഡാറ്റ പഞ്ചായത്തിനു നൽകുന്നതിനും, ആവശ്യമായ പരിശീലനം നൽകുന്നതിനും, ബയോബിന്നിന്റെ പ്രവർത്തന ക്ഷമത ഉറപ്പാക്കുന്നതിനും, പ്രവർത്തനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും സ്ഥാപനത്തെ ചുമതലപ്പെടുത്തി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷത്തിൽ 215 വീടുകളിൽ ബിൻ വിതരണം ചെയ്തിട്ടുണ്ടെങ്കിലും മേൽ ഉത്തരവ് പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. മാലിന്യ സംസ്ക്കരണ ഉപാധികൾ സ്ഥാപിക്കുന്ന വീടുകൾ ജിയോ ടാഗ് ചെയ്യേണ്ടതും ഗൃഹനാഥയുടെ പേര്, വീട്ട് നമ്പർ, കോൺടാക്ട് നം., എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്.
2. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുന്ന ബിന്നുകളിൽ നിന്നും റാന്റമായി മൂന്ന് മാസത്തിനകം ക്വാളിറ്റി ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. ഇങ്ങനെ നടത്തുന്ന ടെസ്റ്റ് റിപ്പോർട്ട് ശുചിത്വ മിഷന് അയച്ച് നൽകേണ്ടതുമാണ്. റാന്റം ടെസ്റ്റ് പരാജയപ്പെടുകയാണെങ്കിൽ മുഴുവൻ ഉത്തരവാദിത്വവും വിതരണം ചെയ്യുന്ന ഏജൻസിക്കായിരിക്കും. ടെസ്റ്റ് നടത്തുന്ന ചെലവ് ബന്ധപ്പെട്ട ഏജൻസി വഹിക്കേണ്ടതാണ്.
3. ബയോബിന്നുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച തുടർ പരിശോധനകൾ നടത്തേണ്ടതും പ്രവർത്തനക്ഷമത ഉറപ്പാക്കാൻ സാമൂഹ്യ പരിശോധന നടത്തുകയോ കുടുംബശ്രീ സംവിധാനം, സോഷ്യൽ ഓഡിറ്റ് സംവിധാനം, ഹരിതകർമ്മസേന എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.
4. ബയോബിന്നുകളുടെ പ്രവർത്തന ക്ഷമത ഉറപ്പാക്കുന്നതിന് ഇനോക്കുലം ലഭ്യത ഉറപ്പാക്കുന്നതിനും, ഹരിതകർമ്മസേനയുടെ സഹായത്തോടെ ജൈവമാലിന്യ സംസ്കരണ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
5. ബയോബിന്നുകൾക്ക് മൂന്നു വർഷ വാറണ്ടി ഉറപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വാറണ്ടി സംബന്ധിച്ച വിവരങ്ങൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തേണ്ടതാണ്.

6. മാലിന്യ സംസ്ക്കരണ ഉപാധികൾ സബ്സിഡി നിരക്കിൽ വാങ്ങുകയും എന്നാൽ 3 മാസക്കാലം മറ്റ് മാർഗ്ഗങ്ങളിൽ മാലിന്യം സംസ്ക്കരിക്കുകയോ, തുടർച്ചയായി ഉപയോഗിക്കാതിരിക്കുകയോ, മാലിന്യ സംസ്ക്കരണത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യുന്നതായി കണ്ടെത്തിയാൽ ടി ഗുണഭോക്താവിൽ നിന്നും ബിന്നിന്റെ വില 18% പലിശ ഉൾപ്പെടെ തദ്ദേശ സ്വയം ഭരണ സ്ഥാപനം ഈടാക്കുന്നതാണെന്ന വ്യവസ്ഥ ഗുണഭോക്താവുമായി ഉണ്ടാക്കുന്ന എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.18/15-9-2025) മറുപടിക്ക് പ്രസ്തുത പ്രൊജക്ട് ബഹുവർഷ പ്രൊജക്ട് ആയി വിഭാവനം ചെയ്തിട്ടുള്ളതാണെന്നും 2025-26 ൽ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുമാണ്.

## <u>1-20 ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾക്കായി പദ്ധതി ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം./ തീയതി- തുക | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 259/25, പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 43,000 (തനത് ഫണ്ട്) | 43,000 (തനത് ഫണ്ട്) | **42401088/ 24.03.2025- ₹43,000** | എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, ഇരിഞ്ഞാലക്കുട |
| 2 | 207/25, ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ- അധിക വിഹിതം ഉൾപ്പെടുത്തൽ (സ്പിൽ ഓവർ) | 9559 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 9559 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | **42401382/ 06.12.2024- ₹4,780** | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, പറപ്പൂക്കര |
| | | | | **42401598/ 24.03.2025- ₹4,779** | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ഒല്ലൂർ |
| 3 | 205/25, ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (സ്പിൽ ഓവർ) | 68,749 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 18,083 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | **42400898/ 03.02.2025- ₹7,812** | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, പറപ്പൂക്കര |
| | | | | **42401123/ 26.03.2025- ₹10,271** | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ഒല്ലൂർ |

| | | | | | |
|---|---|---|---|---|---|
| 4 | 117/25, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 3,65,000 (വികസന ഫണ്ട്-ജനറൽ-1,43,412, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-2,20,000, തനത് ഫണ്ട്-1588) | 3,63,412 (വികസന ഫണ്ട്-ജനറൽ-1,43,412, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-2,20,000) | **42400897/ 03.02.2025** **₹48,000** | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ഒല്ലൂർ |
| | | | | **42401554/ 13.03.2025-₹1,43,412** | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, മരത്താക്കര (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്) |
| | | | | **42401060/ 19.03.2025-₹93,744** | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, പുതുക്കാട്-61,824 |
| | | | | | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, പറപ്പൂക്കര-24,026 |
| | | | | | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, മരത്താക്കര- 7894 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്) |
| | | | | **42401105/ 25.03.2025-₹78,256** | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ഒല്ലൂർ |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല. ആയതിനാൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർവഹണഉദ്യോഗസ്ഥൻ ഏജൻസിയുമായി കരാർ ചമക്കുകയും, കരാർ പ്രകാരം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-21 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് തുക കൈമാറിയത് നാളിതുവരെയും ചെലവഴിച്ചിട്ടില്ല

2024-25 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കു വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലേക്ക് (A/C No.3301005800000015) 1,00,000/-രൂപ നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം |
|---|---|---|---|
| 254/25, സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് തുക കൈമാറൽ | 1,00,000 (വികസന ഫണ്ട്- ജനറൽ) | 1,00,000 (വികസന ഫണ്ട്- ജനറൽ) | **42401513/ 06.03.2025** |

രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് മെഷീൻ മെയിന്റനൻസിന്റെ ആവശ്യത്തിലേക്കാണ് തുക നൽകിയത്.

1. ആര്യനന്ദ ആനന്ദ്

2. നൈഋതി നിർമ്മൽ

28.5.2022-ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 7.1.2 (ബി) (2) പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടിക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000 രൂപ നിരക്കിൽ ആകെ കുട്ടികൾക്ക് വേണ്ട തുക കണക്കാക്കി കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം. 162/2023/SJD, Dt.26.07.2023 പ്രകാരം വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകണമെന്നും, തസ്വഭ (ഡി എ) വകുപ്പിന്റെ 09.11.2023-ലെ സർക്കുലർ നം. ഡി.എ1/284/2023-തസ്വഭവ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടികളുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ് എന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭ്യമായിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.08/12.09.2025) നൽകിയതിൽ ഗുണഭോക്താവിന്റെ ചികിത്സക്ക് തുക ചെലവാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാമെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി പ്രകാരമുള്ള തുക ഗുണഭോക്താവിനായി വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതും വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## <u>1-22 അങ്കണവാടികളിൽ കുടിവെള്ള കിണർ (ബോർവെൽ)- ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതാണ്</u>

| പ്രൊജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം./ തീയതി |
|---|---|---|---|
| 210/25, അങ്കണവാടികളിൽ കുടിവെള്ള കിണർ ബോർവെൽ അധിക വിഹിതം ഉൾപ്പെടുത്തൽ (സ്പിൽ ഓവർ) | 55,805 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 55,805 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | **42401372/ 24.10.2024** |

ഗ്രാമപഞ്ചായത്തിലെ അങ്കണവാടി നം.67- വാർഡ് 11, അങ്കണവാടി നം.71- വാർഡ് 15, നാല് സെന്റ് കോളനി കുടിവെള്ള പദ്ധതി- വാർഡ്-4 എന്നീ സ്ഥലങ്ങളിൽ ബോർവെൽ കുഴിക്കുന്നതിനായി ലഭിച്ച 2,00,000രൂപയുടെ എസ്റ്റിമേറ്റിൽ 2023-24 സാമ്പത്തിക വർഷത്തിൽ 184/24 നമ്പർ പ്രോജക്ട് പ്രകാരം 1,44,195 രൂപ ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തതാണ്. കൂടാതെ തൻവർഷം (2024-25ൽ) ബാക്കി തുക 55,805രൂപ മേൽ പ്രോജക്ട് പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 78,537രൂപ (അങ്കണവാടി നം.67- വാർഡ് 11- ₹31,127, അങ്കണവാടി നം.71- വാർഡ് 15-₹47,410) മാത്രമാണ് വിനിയോഗിച്ചത്. ബാക്കി തുക 1,21,463രൂപ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കാമെന്ന് ഈ വിനിയോഗ സാക്ഷ്യപത്രത്തിൽ (നം.GWDTSR/103/2025-CLK, തീയതി.10.09.2025) പറയുന്നുണ്ട്. തുക തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെയും വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/12.09.2025) മറുപടിയായി വാർഡ് നം.4ലെ നാല് സെന്റ് കോളനിയിൽ പ്രാദേശിക പ്രശ്നങ്ങൾ മൂലം കുഴൽകിണർ കുഴിക്കാൻ സാധിച്ചിട്ടില്ലാത്തതും, പ്രസ്തുത പ്രവൃത്തിയിൽ ബാലൻസ് തുക 2025-26 വർഷത്തിലെ വാർഡ് 9ലെ അങ്കണവാടിയിൽ കുഴൽകിണർ നിർമ്മാണം എന്ന പദ്ധതിയിലേക്ക് വകയിരുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ് എന്നും, ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ബാലൻസ് ആയ തുക 1,21,463രൂപ പദ്ധതിയുടെ അടങ്കൽ തുകയായി വകയിരുത്തുന്നതിന് ഗ്രൗണ്ട് വാട്ടർ അതോറിക്ക് അറിയിപ്പ് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ആകയാൽ തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ഗ്രൗണ്ട് വാട്ടർ വകുപ്പിൽ നിന്നും തുക തിരികെ ലഭ്യമാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റ് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-23 7-ാം വാർഡ് 60-ാം നമ്പർ അങ്കണവാടിയിൽ സോളാർ പാനൽ സ്ഥാപിക്കൽ- ബാക്കി തുക തിരികെ ലഭ്യമാക്കേണ്ടതാണ്

| പ്രൊജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം./ തീയതി |
|---|---|---|---|
| 308/25, 7-ാം വാർഡ് 60-ാം നമ്പർ അങ്കണവാടിയിൽ സോളാർ പാനൽ സ്ഥാപിക്കൽ | 2,00,000 (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) | 1,76,000 (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) | **42401372/24.10.2024** |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 7-ാം വാർഡ് 60-ാം നമ്പർ അങ്കണവാടിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 1,76,000രൂപ നൽകിയതിൽ 1,62,417രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 13,583രൂപ തിരികെ ലഭിക്കാനുണ്ട്. ആയത് ലഭ്യമാക്കുന്നതിന് സ്വികരിച്ച നടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.27/16.09.2025) നൽകിയതിൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 1-24 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| പ്രോജക്ട് നം./ പേര് | 99/25- ഹോമിയോ ആശുപയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹2,00,000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | ₹2,00,000 (വൗച്ചർ നം. 42401431/18.12.2024) |
| | |

| | |
|---|---|
| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | PF-632/14.11.2024 |

മേൽ പ്രൊജക്റ്റിൽ മരുന്ന് വാങ്ങുന്നതിനായി HOMCO യ്ക്ക് മേൽ പറഞ്ഞ ഇൻവോയ്സ് പ്രകാരം 2,00,000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 1,14,129 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നം./തീയതി | തുക(₹) |
|---|---|---|
| 1 | LF-2790/04.03.2025 | 74,735 |
| 2 | LF-763/14.07.2025 | 39,394 |
| | ആകെ | 1,14,129 |

മരുന്ന് മുഴുവനും ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/11.9.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഹോംകോയിലെ സോഫ്റ്റ് വെയർ മാറ്റം കാരണമാണ് കാലതാമസം ഉണ്ടാകുന്നതെന്നും ഒരു മാസത്തിനുള്ളിൽ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 85,871 രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 അനുപൂരക പോഷകാഹാര പരിപാടി- ലഭിച്ച കേന്ദ്രവിഹിതം പൂർണമായി ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിൽ അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 2024-25 വർഷാവസാനത്തിൽ 17,99,975 രൂപ നീക്കിയിരിപ്പുള്ളതായി വാർഷിക ധനകാര്യപത്രിക B4 സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി കാണുന്നു. കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക യഥാസമയം വിനിയോഗിക്കുന്നില്ലായെങ്കിൽ ബാക്കി നിൽക്കുന്ന തുക ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിന് General Finance Rules 2017 Rule 230 (8) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

03.09.2010ലെ നം.39033/DC2/10 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ 50% തുക കെട്ടിടമില്ലാത്ത അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിനോ അല്ലാത്ത പക്ഷം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ കളിയുപകരണങ്ങൾ, പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനോ വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക യഥാസമയം പദ്ധതിയിലുൾപ്പെടുത്തി ചെലവഴിക്കാതിരുന്നാൽ ആയത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടി വന്നേക്കാം എന്നതിനാൽ തുക യഥാസമയം വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ 20 അങ്കണവാടികളിലെ പോഷകാഹാരവിതരണത്തിലെ 2024-25 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകയിൽ ബാക്കി വന്നിട്ടുള്ള തുക ഈ വർഷത്തെ പദ്ധതിയിൽ വകയിരുത്തി ഉപയോഗിച്ചു. അങ്കണവാടികളിലെ പുതുക്കിയ മെനു പ്രാകാരമുള്ള സാധനങ്ങൾ വാങ്ങുന്നതിനും അടുക്കളയിലേയ്ക്കക്ക് ആയതിന് ആവശ്യമായ പാത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കുമായി ആവശ്യമുള്ളതിനാൽ 03.09.2010ലെ നം.39033/DC2/10 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 6/11.9.2025)

## 1-26 അഡ്വക്കേറ്റ് ഫീസ്- ആദായ നികുതി - ടി ഡി എസ് നടത്തുന്നില്ല

ആദായ നികുതി നിയമത്തിലെ സെക്ഷൻ 194J പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്ക് ഒരു വർഷം 30,000 രൂപയ്ക്കു മുകളിൽ പേമെന്റു നടത്തുമ്പോൾ 10% തുക ടി ഡി എസ് നടത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷം വക്കീൽ ഫീസിനത്തിൽ അഡ്വ. ഹരികുമാർ എന്ന വ്യക്തിക്ക് 34,500 രൂപ അനുവദിച്ചതിൽ നിന്ന് 10% ആദായനികുതി ടി ഡി എസ് നടത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക | വൗച്ചർ നം/തീയതി |
|---|---|---|
| 1 | 19,500 | 22400367/20.07.2024 |
| 2 | 15,000 | 22400597/07.10.2024 |

പ്രൊഫഷണൽ സേവനങ്ങൾക്കായുള്ള പേമെന്റിൽ നിന്ന് സ്രോതസ്സിൽ തന്നെ 10% ആദായനികുതി കുറവു ചെയ്യുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.22/16.09.2025).

## 1-27 യാത്രാബത്ത മുൻകൂർ - ക്രമീകരിച്ചില്ല

| | |
|---|---|
| വൗച്ചർ നം/ തീയതി | 22401049/28.01.2025 |
| ചെലവു തുക | 7,000 |
| ചെക്ക് നം. | **000132/28.01.2025** |

മേൽ വൗച്ചർ പ്രകാരം, പഞ്ചായത്തിലെ ഏഴ് ജീവനക്കാർക്ക് അട്ടപ്പാടി കില സെന്ററിൽ 29.01.2025 മുതൽ 31.01.2025 വരെ നടന്ന പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത മുൻകൂർ ആയി അനുവദിച്ചിരുന്നു. എന്നാൽ ഈ മുൻകൂർ തുക നാളിതു വരെയായും ക്രമീകരിച്ചതായി കാണുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം1, അദ്ധ്യായം-3, ആർട്ടിക്കിൾ 53(E) പ്രകാരം യാത്രാബത്ത മുൻകൂർ ബിൽ സമർപ്പിക്കുന്നതിനുള്ള നിശ്ചിത തീയതിക്കുശേഷം മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/16.09.2025) മറുപടിയായി മുൻകൂർ നൽകിയ ഏഴു പേരിലുൾപ്പെട്ട രണ്ട് ഭരണസമിതി അംഗങ്ങളുടെ മുൻകൂർ ഇതിനോടകം ക്രമീകരിച്ചതായും ശേഷിക്കുന്ന അഞ്ചു ജീവനക്കാരുടെ യാത്രാബത്ത മുൻകൂർ ഉടൻ തന്നെ ക്രമീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ യാത്രാബത്ത മുൻകൂർ ഉടൻ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 മണ്ണ് കുഴിച്ചെടുക്കുന്നതിന് അധിക നിരക്ക് - 8166 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം/പേര് | 234/25- എം. സി എഫ്. നിർമ്മാണം (സ്പിൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 72,00,000 ( കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ്- 11,00,000 + കേന്ദ്രാവിഷ്കൃത ഫണ്ട് 49,00,000 + ബ്ലോക്ക് പഞ്ചായത്ത്- 12,00,000) |
| ചെലവു തുക | 34,76,967 |
| വൗച്ചർ നം/ തീയതി | **193110- 42401378/06.11.2024<br>6,56,517- 42400606/20.11.2024<br>284735- 4240114/06.03.2025, 11,83,857-42401632/31.03.2025, 1,58,748- 42401217/31.03.2025, 10,00,000 (ബ്ലോക്ക് വിഹിതം- ബ്ലോക്ക് നേരിട്ട്)** |
| കരാറുകാരന്റെ പേര് | ജോഷി .കെ. പി |
| എഗ്രിമെന്റ് നം/തീയതി | 52/AE/LSGD/NMK 23-24 തീ. 15.03.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഫൗണ്ടേഷനായി മണ്ണ് കുഴിച്ചെടുക്കുന്നതിനായി DSOR ഡാറ്റ കോഡ് 2.8.1 പ്രകാരം ഒരു ക്യുബിക് മീറ്ററിന് 296.98 രൂപ നിരക്ക് അനുവദിച്ചിട്ടുണ്ട് (Cost Index 35.59). DSOR കോഡ് 2.8.1 പ്രകാരമുള്ള ഈ ഇനം പ്രവൃത്തിയിൽ 1.5 മീറ്റർ

വരെയുള്ള വീതിയിൽ മണ്ണ് കുഴിച്ചെടുക്കുന്നതിനാണ് ഈ നിരക്ക് അനുവദനീയമായിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയുടെ ഇ-എം ബുക്കിൽ 1.6 മീറ്റർ വീതിയിലാണ് മണ്ണ് കുഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് (M-G-N-1-2-1). ഈ വീതിയിൽ മണ്ണ് കുഴിക്കുന്നതിനായി DSOR ഡാറ്റ കോഡ് 2.6.1 പ്രകാരമുള്ള ഇനമാണ് അനുവദിക്കേണ്ടിയിരുന്നത്. ഈയിനത്തിന് അനുവദിക്കാവുന്നത് ഒരു ക്യൂബിക് മീറ്ററിന് 214.028 രൂപ എന്ന നിരക്കാണ്. അതിനാൽ ഈയിനത്തിൽ കരാറുകാരന് അധികം തുക നൽകാനിട വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| എം ബുക്കിലെ ഐറ്റം നം | എർത്ത് എക്സ്കവേഷൻ - ആകെ അളവ് | അനുവദിച്ച തുക (DSOR Item Code 2.8.1) | അർഹമായ തുക (DSOR Item Code 2.6.1) | കൂടുതൽ നൽകിയത് |
|---|---|---|---|---|
| M.G.N: 1-2-1 | 105.28ക്യു. മീ | 28400.82 (26404.65 - 97.795 M3 @270/M3- Rate As Per Agreed PAC +<br>1996.17 - 7.485 M3 @266.68/M3- Excess Qty) | 20,234.60 (105.28 M3 @192.198/M3- Tender Variation- 10.2015% Below) | 8166.22 |

കരാറുകാരന് അധികം നൽകിയ 8166 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.24/16.09.2025).

## 1-29 പ്രവൃത്തി പൂർത്തീകരണകാലാവധി ദീർഘിപ്പിക്കൽ- നിർദ്ദേശിച്ച പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 233/25-പഞ്ചായത്തിലെ പൊതു കിണറുകളുടെ നവീകരണം (സ്പിൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 2,55,661 ( കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവു തുക | 1,58,115 (ഫൈനൽ ബിൽ) |
| വൗച്ചർ നം/ തീയതി | **42401101/25.03.2025** |
| കരാറുകാരന്റെ പേര് | കൃഷ്ണലാൽ സി എസ് |
| എഗ്രിമെന്റ് നം/തീയതി | 59/AE/LSGD/NMK 23-24 തീ. 15.03.2024 |
| നിർവ്വഹണോദ്യഗസ്ഥൻ | അസി. എഞ്ചിനീയർ |

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്.

കരാറുകാരന്റേതായ കാരണങ്ങളാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി രണ്ടു പ്രാവശ്യം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതിനായി കരാറുകാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ പിഴയോടുകൂടി (15.09.2024 മുതൽ 14.11.2024 വരെ -പിഴയില്ലാതെ,

15.11.2024 മുതൽ 14.01.2025 വരെ-1%, 15.01.2025 മുതൽ 15.03.2025 വരെ-2%) പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനാണ് അസി. എഞ്ചിനീയർ ശുപാർശ ചെയ്തതെങ്കിലും പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും നിർദ്ദേശിച്ച നിരക്കിൽ പിഴ ഈടാക്കിയതായി കണ്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് തുക ( പി എ സി) | പ്രവൃത്തി പൂർത്തീകരണ കാലവധി | സൈറ്റ് കൈമാറിയ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കിയ പിഴ തുക | ഈടാക്കേണ്ട പിഴ തുക | ശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 198096 | 6 മാസം | 16.03.2024 | 21.03.2025 | 434 | 5942 (@1% -198096, 2%- 198096) | 5508 |

കരാറുകാരനിൽ നിന്ന് 5508 രൂപ പിഴയിനത്തിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.25/16.09.2025).

## 1-30 ജൽജീവൻ മിഷൻ നടത്തിപ്പ്- അവലോകനം

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒന്നാം ഘട്ടത്തിൽ 1350 എണ്ണവും രണ്ടാം ഘട്ടത്തിൽ 3012 എണ്ണവും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ആയതിന് ഒന്നാം ഘട്ടത്തിൽ 472 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, രണ്ടാം ഘട്ടത്തിൽ 2327 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. 22.06.2022 തീയതിയിൽ 04/2022 നമ്പറായി ഗ്രാമപഞ്ചായത്തും KWA-യും ISA-യുമായും (Implementation Support Agency ആയ Socio Economic Unit Foundation കുടുംബശ്രീ) ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരമുള്ള ISA യുടെ പ്രവർത്തനങ്ങൾ കരാർ തിയ്യതി മുതൽ 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. നിർവ്വഹണ സഹായ ഏജൻസിയായ കുടുംബശ്രീ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം ത്രികക്ഷി കരാറിലേർപ്പെടുമ്പോൾ JJM (Jal Jeevan Mission) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവൃത്തി നടത്തേണ്ട റോഡുകളുടെ പേര്, പൈപ്പിടുന്നതിന് കുഴിക്കുന്ന നീളം, റിസ്റ്റോറേഷൻ പ്രവൃത്തി ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിക്കുന്ന കാലയളവ് തുടങ്ങിയ വിവരങ്ങൾ അനുബന്ധമായി ചേർക്കണമെന്നിരിക്കെ ഇത്തരം വിവരങ്ങൾ കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ രണ്ട് ഘട്ടമായാണ് നടപ്പിലാക്കി വരുന്നത്. 955 കണക്ഷനുകൾ വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപന വിഹിതം നൽകുന്നതിന് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രോജക്ട് നം. | ഗ്രാമപഞ്ചായത്ത് വിഹിതം | വൗച്ചർ നം./ തീയതി |
|---|---|---|---|
| 2020-21 | 276/21 | 1,50,000 | 22001199/26.02.2021 |
| 2021-22 | 50/22 | 1,00,000 | 22101260/22.02.2022 |

പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപന വിഹിതവും, ഗുണഭോക്തൃവിഹിതവും കണ്ടെത്താൻ കഴിയാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നൽകുന്നതിന് 10.08.2020 ലെ സ.ഉ.(സാ) നം.4584/2020/ധന. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിനു വേണ്ടി വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകിയിട്ടില്ല എന്ന് അറിയിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കുഴിച്ച റോഡുകൾ പൂർണ്ണമായും റിസ്റ്റോറേഷൻ നടത്തിയിട്ടുണ്ട്. റിസ്റ്റോറേഷൻ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് തുക കൈമാറിയിട്ടില്ലായെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.03/10.09.2025) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

## 1-31 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16.07.2021-ലെ 15(2) FC-XV/FCD/2020-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും താഴെ ചേർക്കുന്ന 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്.

| ക്രമ നമ്പർ | ഗ്രാന്റ് അനുവദിക്കുന്ന സ്കീമിന്റെ പേര് |
|---|---|
| 1 | സപ്പോർട്ട് ടു ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ഇൻ ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്<br>(I) സബ് സെന്ററുകൾ<br>(Ii) പി.എച്ച്.സി. |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ് |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററുകൾ, പി.എച്ച്.സി, സി.എച്ച്.സി. |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററുകൾ ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. |

ഓരോ സ്കീമിലേക്കും ഉള്ള ഗ്രാന്റിന്റെ ഇടപാടുകൾ നടത്തുന്നത്പി.എഫ്.എം.എസ്-മായി ലിങ്ക് ചെയ്ത പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ മുഖാന്തരമാണ്.

നെന്മണിക്കര ഗ്രാമ പഞ്ചായത്തിൽ ലഭിച്ച ഹെൽത്ത് ഗ്രാന്റ് തുകയുടെ വിവരം, ആയതിന്റെ വിനിയോഗം എന്നിവ താഴെ പട്ടികയായി ചേർക്കുന്നു.

**ഹെൽത്ത് ഗ്രാൻറ് സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ**

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക (₹) | ചെലവഴിച്ച തുക (₹) |
|---|---|---|---|
| 1 | 2021-22 | 0 | 0 |

| | | | |
|---|---|---|---|
| 2 | 2022-23 | 2,36,447 | 1,94,597 |
| 3 | 2023-24 | 8,40,000 | 6,39,298 |
| 4 | 2024-25 | 3,51,000 | 2,42,552 |
| | ആകെ | 14,27,447 | 10,76,447 |

## ഹെൽത്ത് ഗ്രാൻറ് സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക (₹) | ചെലവഴിച്ച തുക (₹) |
|---|---|---|---|
| 1 | 2021-22 | 0 | 0 |
| 2 | 2022-23 | 1,10,000 | 1,10,000 |
| 3 | 2023-24 | 3,57,000 | 94,410 |
| 4 | 2024-25 | 5,68,000 | 1,96,279 |
| | ആകെ | 10,35,000 | 4,00,689 |

## നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| വർഷം | പ്രോജക്ട് നമ്പരും പേരും | ചെലവ് തുക (₹) |
|---|---|---|
| 2022-23 | 21-22, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1,94,597 |
